ട്ടുള്ളത്. ആത്യന്തികമായി കയർ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങളും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവുമാണ് ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പരിപാടിയുടെ ലക്ഷ്യം.

(ബി) ബഹുമാപ്പെട്ട സഹകരണ, കയർ വകുപ്പുമന്ത്രിയുടെയും പൊതുമരമത്ത് വകുപ്പുമന്ത്രിയുടേയും നാന്നിദ്ധ്യത്തിൽ 27-1-2009-ൽ ചേർന്ന യോഗം കയർ ഭൂവസ്ത്രത്തെ പി.ഡബ്ള്യു.ഡി മാനുവലിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തു. തുടർന്ന് നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മാറ്റം വരുത്തി നൽകിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ കയർ ഭൂ വസ്ത്രത്തിന്റെ വില ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

(സി) ലക്ഷ്യമിട്ടിട്ടുണ്ട്. ഏകദേശം 50 ലക്ഷം ചതുരശ്ര മീറ്റർ വിപണനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കയർ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതികൾ

50 (4105) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കയർ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുവാൻ കമ്മിറ്റിയെ നിയമിച്ച് പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾക്ക് അനുസൃതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) കയർ മേഖലയുടെ സമഗ്ര പുരോഗതിക്ക് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

- കയർപിരി തൊഴിലാളികളുടെ ഏറ്റവും ചുരുങ്ങിയ വേതനം 150 രൂപയായി നിശ്ചയിച്ചു.

- സഹകരണ സംഘങ്ങൾ സംഘം തൊഴിലാളികൾക്ക് നൽകാനുള്ള ത്രിഫ്റ്റ്, ഷെയർ എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും സംഘം നൽകാനുള്ള തുകകൾ സർക്കാർ നൽകുകയും ചെയ്തു. 2009-10, 2010-11 വർഷങ്ങളിലായി ഏകദേശം 1.40 ലക്ഷം പേർക്ക് പ്രയോജനം ചെയ്യുന്നതിന് 967.45 ലക്ഷം രൂപ സർക്കാർ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

• 2006-07, 2008-09 വർഷങ്ങളിലായി ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി പ്രകാരം 505 സംഘങ്ങൾക്കായി 2382.69 ലക്ഷം രൂപ അനുവദിച്ചതിലൂടെ കൂടുതൽ തൊഴിലും മെച്ചപ്പെട്ട വേതനവും തൊഴിലാളികൾക്ക് ലഭ്യമായി.

• കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടെയും പരമാവധി വിപണനം ലക്ഷ്യമിട്ടുകൊണ്ട് 2010 ഓണക്കാലയളവിൽ വിവിധ പ്രദർശനമേളകളിലൂടെയും ഒരു വീട്ടിൽ ഒരു കയറുല്പന്നം പദ്ധതിയിലൂടെയും കയർ ഉൽപ്പന്നങ്ങളുടെ വിൽപ്പനയും ആയതിലൂടെ പരമാവധി തൊഴിലും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്.

(ബി) കയർമേഖലയെ സംബന്ധിച്ച സമഗ്ര പഠനം നടത്തുന്നതിലേക്കായി സർക്കാർ ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. ചെയർമാനായി കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ നൽകിയ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ 2009-10 വർഷം മുതൽ നടപ്പിലാക്കിവരികയുമാണ്. നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

• തൊണ്ട് സംഭരണ പദ്ധതി

• പുതിയ ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കലും നിലവിലുള്ളവയുടെ പുനരുദ്ധാരണവും

• കയർ കടാശ്വാസ പദ്ധതി

• കയർ സഹകരണ സംഘങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ത്രിഹ്റ്റ് ഷെയർ ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി എന്നിവ സർക്കാർ തിരികെ നൽകുന്ന പദ്ധതി

• കയർ ഉൽപ്പന്ന വിപണനത്തിന് കേരളാ കയർ മാർക്കറ്റിംഗ് കൺസോർഷ്യം

• വില വ്യതിയാന ഫണ്ട്

• കയർഫെഡ് പുനരുദ്ധാരണം.

(സി) കേരളത്തിലെ കയർ മേഖലയ്ക്കാവശ്യമായ മെഷീനറികൾ സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്കായി ആലപ്പുഴയിൽ കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

• ചകിരി ക്ഷാമം പരിഹരിക്കുന്നതിലേക്കായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീൻ ആവശ്യമായ എല്ലാ പ്രദേശത്തും നൽകാനുള്ള പദ്ധതി 31-12-2010 നകം 1000 മെഷീനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

• കയറിനും കയറുല്പന്നങ്ങൾക്കും പരമാവധി വിപണി ലക്ഷ്യമിട്ടു കൊണ്ട് 2010 ഓണക്കാലയളവിൽ 'ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

• കയർ തൊഴിലാളികൾക്ക് വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

• തൊണ്ടു സംഭരണ പദ്ധതി, ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കലും പുനരുദ്ധാരണവും തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം

51 (4106) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈവിദ്ധ്യവൽക്കരണത്തിലൂടെ കയറുല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ചകിരിനാരിൽ നിന്നും കാഷ്ചൽ വെയർ ആഭരണങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ ഹോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് കയർ പിത്ത് ഉപയോഗിച്ച് നിർമ്മിക്കുന്ന ചപ്പൽ, ഉയർന്ന റണ്ണേജുള്ള കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ബാഗ് എന്നിവ നിർമ്മിച്ച് വിപണനം ചെയ്തുവരുന്നു. ഇതിനുപുറമെ ഹോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറി, കയർ ഫെഡിന്റെ ആഭിമുഖ്യത്തിൽ പിവിസി ടഫ്റ്റഡ് ഫാക്ടറി എന്നിവ നിർമ്മിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ യാഥാർത്ഥ്യമാകുന്നതോടെ കൂടുതൽ വിപണനം സാദ്ധ്യമാകുന്നതാണ്.

(ബി) ചകിരിനാരിൽ നിന്നും ആഭരണങ്ങൾ നിർമ്മിച്ചു നൽകുന്നുണ്ട്. എൻ.സി.ആർ.എം.ഐ-യേയും ഹോംമാറ്റിംഗ്സിനെയും ചുമതലപ്പെടുത്തി ആഭരണങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ ഫർണിഷിംഗിന് കയറുല്പന്നങ്ങൾ

52 (4107) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ സ്ഥാപനങ്ങളുടെ ഫർണിഷിംഗ് പ്രവൃത്തികളിൽ കയറുല്പന്നങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly